അബ്ദുല്ലത്വീഫ് കൊടുവള്ളി

# വൈദഗ്ധ്യം നേടുക, കണ്ടെത്തുക, ഉപയോഗപ്പെടുത്തുക

عَنْ طَلْق بن عَلِيّ اليَمَامي الحنفي قَالَ: جئتُ إلى النبيِّ صَلَّى اللهُ عَلَيه وَسَلَّمَ وَأَصْحَابُهُ يَبْنُونَ المسْجِدَ ، وَكَأَنَّهُ لَمْ يُعْجِبْهُ عَمَلُهُم فَأَخَذْتُ المِسحَاةَ فَخَلَطتُ الطِّينَ فكَأَنَّهُ أَعْجَبَهُ فقَالَ: دَعُوا الحَنَفِيَّ والطِّينَ فإنَّهُ أضبَطُكُم للطِّينِ وفي رواية: قَرِّبُو اليَمَامِيَّ مِن الطِّين فَإنّه أَحْسنكم له مسًّا. أَخْرج ابن حبَّان عَن طَلق: يَارَسُول الله أَأَنْقُلُ كما يَنْقلُون ؟ قَالَ: لَا وَلَكِنْ أُخْلُطْ لَهُمْ الطِّينَ فَأَنْتَ أَعْلَمُ بِهِ

**യമാമക്കാരൻ ഹനീഫ വംശജൻ ത്വൽഖു ബ്നു അലിയിൽനിന്ന്. നബി(സ)യും സ്വഹാബികളും മദീനാപള്ളിയുടെ നിർമാണത്തിൽ ഏർപ്പെട്ടിരിക്കെ ഞാൻ അങ്ങോട്ടു ചെന്നു. സ്വഹാബികളുടെ ജോലി നബി(സ)ക്ക് അത്ര ഇഷ്ടമാവാത്തതു പോലെ ഉണ്ടായിരുന്നു. അപ്പോൾ ഞാൻ കൈക്കോട്ടെ(തൂമ്പയെ)ടുത്ത് ചെളി മണ്ണ് കുഴച്ചു. അത് അദ്ദേഹത്തിന് ഇഷ്ടമായതുപോലെ തോന്നി. അവിടുന്ന് പറഞ്ഞു: 'ഹനീഫ വംശജനെയും ചെളിമണ്ണിനെയും വിട്ടേക്കുക. നിങ്ങളിൽ ചെളിമണ്ണ് കൃത്യതയോടെയും സൂക്ഷ്മതയോടെയും ചെയ്യാൻ കഴിയുക അദ്ദേഹത്തിനാണ്' (അഹ്മദ്). മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: 'യമാമക്കാരനെ നിങ്ങൾ ചെളിമണ്ണുമായി അടുപ്പിക്കുക. കാരണം, നിങ്ങളിൽ അത് ഏറ്റവും നന്നായി പാകപ്പെടുത്താൻ കഴിയുക അദ്ദേഹത്തിനാണ്' (അഹ്മദ്). ഇബ്നു ഹിബ്ബാൻ ത്വൽഖിൽനിന്നുദ്ധരിക്കുന്നു: 'അല്ലാഹുവിന്റെ ദൂതരേ! മറ്റുള്ളവർ സാധനങ്ങൾ നീക്കം ചെയ്യുന്നതുപോലെ ഞാനും നീക്കം ചെയ്യട്ടെ!' അവിടുന്ന് പറഞ്ഞു: 'വേണ്ട, നിങ്ങൾ അവർക്ക് ചെളിമണ്ണ് കുഴച്ചു കൊടുക്കുക. അതേപറ്റി ഏറ്റവും നന്നായറിയുക താങ്കൾക്കാണ്' (ഇബ്നു ഹിബ്ബാൻ).**

ആരാധന, തൊഴിൽ, ജീവസന്ധാരണം, അധ്യാപനം എന്നുവേണ്ട എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ പരമാവധി വിദഗ്ധവും കുറ്റമറ്റതുമായിരിക്കണമെന്നു പഠിപ്പിക്കുന്നു ഈ ഹദീസ്. നേതാവു കൂടിയായിരുന്ന നബി(സ) സ്വഹാബികളുടെ പ്രവർത്തനങ്ങളെ ഈയർഥത്തിൽ പരിശോധിച്ച് യഥാവസരം ആവശ്യമായ തിരുത്തുകൾ വരുത്തിയിരുന്നു. അനുയായികളുടെ അവിദഗ്ധ പ്രവർത്തനങ്ങൾ നേതൃത്വത്തെ പ്രയാസപ്പെടുത്തുമെന്നു പറയേണ്ടതില്ല. ഒരിക്കൽ നബി(സ) നമസ്കാരത്തിൽ സൂറ *അർറൂം* പാരായണം ചെയ്തു. പാരായണത്തിനിടെ ചില ശങ്കകളുണ്ടായി. നമസ്കാരശേഷം അവിടുന്ന് പറഞ്ഞു: 'എനിക്ക് ഖുർആൻ പാരായണത്തിനിടെ ചില ശങ്കകളുണ്ടായി. നിങ്ങളിലെ ചിലർ കുറ്റമറ്റ രീതിയിൽ വുദൂ ചെയ്യാതെ എന്റെ കൂടെ നമസ്കരിക്കുന്നു. നമസ്കാരത്തിന് ഹാജരാകുന്നവർ വുദൂ നന്നായി ചെയ്തിരിക്കണം' (അഹ്മദ്).

ഏതു പ്രവർത്തനവും നല്ല രീതിയിൽ ഫലപ്രാപ്തിയിലെത്തണമെങ്കിൽ അതിന്റെ നിർവഹണം വിദഗ്ധമായിട്ടായിരിക്കണം. വ്യക്തികളും സമൂഹങ്ങളും എത്രകണ്ട് വിദഗ്ധരാവുന്നുവോ, അതിനനുസരിച്ചായിരിക്കും വ്യക്തി-സമൂഹ-രാഷ്ട്ര ജീവിതം സമ്പന്നവും സുന്ദരവും സംതൃപ്തവുമാവുക. പ്ലാനിംഗും അത്യധ്വാനവും നൈരന്തര്യവും കൊണ്ടുമാത്രം സംരംഭങ്ങൾ വിജയിക്കില്ല. അതോടൊപ്പം വൈദഗ്ധ്യവും വേണം. 'നിങ്ങൾ ജോലി ചെയ്യുന്നത് വിദഗ്ധമായിട്ടാവുന്നത് തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു' (അൽബാനി, സ്വഹീഹുൽ ജാമിഅ്: 1880). ''നിങ്ങൾ കർമങ്ങൾ നന്നാക്കുക, കർമങ്ങൾ നന്നാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു'' (*അൽബഖറ*: 195). 'എല്ലാ കാര്യങ്ങളും നല്ല രീതിയിലാവണമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു' (മുസ്‌ലിം, തിർമിദി).

പ്രാപഞ്ചിക വ്യവസ്ഥയുടെ ഓരോ അണുവിലും അന്തഃസ്ഥായിയായ ഗുണമാണ് അല്ലാഹുവിന്റെ നിർമാണവൈദഗ്ധ്യം. പുതിയ കാലത്ത് എല്ലാ മേഖകളിലും ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ് മികവ്. സാമ്പത്തിക-കാർഷിക-വിദ്യാഭ്യാസ-ശാസ്ത്ര മേഖലകളിലെല്ലാം സർക്കാറുകളും സ്ഥാപനങ്ങളും ലക്ഷ്യം വെക്കുന്നത് മികച്ച നിർവഹണമാണ്. അതിന്റെ ഗുണഫലങ്ങൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ലഭിക്കുന്നുമുണ്ട്.

എല്ലാ മേഖലകളും വാരിപ്പിടിച്ച് സ്വന്തമാക്കാൻ ശ്രമിക്കുന്നതിനു പകരം, തനിക്ക് കൂടുതൽ വഴങ്ങുന്ന മേഖലയിൽ, മേഖലകളിൽ വൈദഗ്ധ്യം നേടാനാവണം ഓരോരുത്തരുടെയും ശ്രമം. അങ്ങനെയാവുമ്പോൾ വ്യത്യസ്തമായ കഴിവുകളുള്ള വിദഗ്ധരുടെ സാന്നിധ്യമുള്ള സമൂഹങ്ങൾ നിലവിൽവരും.

പല തൊഴിൽ മേഖലകളിലും തൊഴിലാളികളെ നിരീക്ഷിക്കാൻ സം

വിധാനങ്ങളും മാനദണ്ഡങ്ങളുമുണ്ട്. അത് തൊഴിലുകളുടെയും തൊഴിലാളികളുടെയും നിലവാരവും മേന്മയും മെച്ചപ്പെടുത്താൻ സഹായിക്കുന്നു. എന്നാൽ, ഇസ്‌ലാമിക വീക്ഷണത്തിൽ അല്ലാഹുവിന്റെ നിരീക്ഷണ വലയത്തിലാണെന്ന ബോധമാണ് വിദഗ്ധമായി പ്രവർത്തിക്കാൻ സത്യവിശ്വാസിക്ക് പ്രചോദനമാവേണ്ടത്. ''നബിയേ, താങ്കൾ പറയുക, നിങ്ങൾ പ്രവർത്തിക്കുക. അല്ലാഹുവും അവന്റെ ദൂതനും സത്യവിശ്വാസികളും നിങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതും, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങളെ വിവരമറിയിക്കുന്നതുമാകുന്നു'' (*തൗബ*: 105). ഈ അർഥത്തിൽ കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ പ്രതിഫലാർഹവും അല്ലാഹുവിന്റെ തൃപ്തി നേടാൻ സഹായകവുമായ ഇബാദത്താണ്.

ഒരിക്കൽ മയ്യിത്ത് മറമാടാനായി തയാറാക്കിയ ഖബ്റിനകത്ത് അവിടെയവിടെയായി ചില പഴുതുകൾ കണ്ടപ്പോൾ അത് അടച്ചുകളയാൻ നബി(സ) പറഞ്ഞു. അതുകൊണ്ട് മയ്യിത്തിന് ഉപകാരമോ ഉപദ്രവമോ ഇല്ലെങ്കിലും ചെയ്യുന്ന ജോലി കുറ്റമറ്റതാക്കുന്നതിന്റെയും മയ്യിത്തിന്റെ ബന്ധുക്കൾക്ക് സംതൃപ്തി വരുത്തുന്നതിന്റെയും ഭാഗമായി അത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഉണർത്തിയതായി കാണാം.

ആളുകളെ നിരീക്ഷിച്ചറിയുക, യോഗ്യരെയും അയോഗ്യരെയും മനസ്സിലാക്കി ഉചിതമായി നിലപാട് സ്വീകരിക്കുക, മികവ് എടുത്തുപറഞ്ഞ് പ്രോത്സാഹിപ്പിക്കുക, ന്യൂനത പരിഹരിക്കാൻ ആവശ്യമായ നിർദേശങ്ങൾ നൽകുക മുതലായവ നബി(സ) സ്വീകരിച്ചുവന്ന രീതിയായിരുന്നു. വിവിധ നാടുകളിലേക്ക് പ്രതിനിധികളെ അയച്ചപ്പോൾ ഇത്തരം വിവേചനബുദ്ധി അവിടുന്ന് പ്രയോഗിച്ചതായി കാണാം.

മദീനാ പള്ളിയുടെ നിർമാണത്തിലേർപ്പെട്ട സ്വഹാബികളെ നബി(സ) നിരീക്ഷിച്ചു വിലയിരുത്തിയതും ആർക്കൊക്കെ എന്തെല്ലാം ജോലികൾ ചെയ്യാൻ കഴിയുമെന്ന് അവിടുന്ന് മനസ്സിലാക്കിയതും മുകളിലെ ഹദീസിൽനിന്ന് വ്യക്തമാണ്. ഒരു ജോലി വിദഗ്ധമായി ചെയ്യുന്നയാൾക്ക് മറ്റു ജോലികളും ആവാമെങ്കിലും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യാനറിയുന്നവർ ആ മേഖലയിൽതന്നെ തുടരണമെന്നും നേതൃത്വം അതിന് അവരെ ഉപയോഗപ്പെടുത്തണമെന്നും ഹദീസ് പഠിപ്പിക്കുന്നു.

ദീർഘവീക്ഷണത്തോടെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ സാമൂഹിക ജീവിതത്തിൽ വിപ്ലവകരമായ നേട്ടങ്ങൾക്ക് സഹായകമാവുന്ന വിലപ്പെട്ട പാഠമാണ് ഹദീസ് നമുക്ക് നൽകുന്നത്.

അവിദഗ്ധമായും സാമൂഹിക പ്രതിബദ്ധതയില്ലാതെയുമുള്ള നിർമാണങ്ങൾ കോടികൾ നഷ്ടപ്പെടുത്തുന്ന വർത്തമാന സാഹചര്യത്തിൽ ഈ ഹദീസ് വളരെ പ്രസക്തമാണ്. ●